

# മനുഷ്യനും ചരിത്രവും

ലേഖനം ● **അബ്ദുൽ വഹാബ് മസീരി**

ചരിത്രത്തിന്റെ സ്ഥാനം അവതാരസങ്കൽപം കൈയേറുമ്പോൾ മനുഷ്യന്റെ മനുഷ്യനെന്ന നില ദുർബല പ്പെടുകയാണ് ചെയ്യുക. സ്വയം തെരഞ്ഞെടുക്കുന്നതിലും അങ്ങനെ പ്രതിസന്ധികളെ മറികടക്കുന്നതിലുമാണ് മനുഷ്യന്റെ സ്വാതന്ത്ര്യം കുടികൊള്ളുന്നത്.

**പ്രപഞ്ചം,** ദൈവം, മനുഷ്യൻ, പ്രകൃതി എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ഏതൊരു വിഭാഗത്തിന്റെയും ചരിത്രദർശന ത്തിൽ പ്രതിഫലിക്കുന്നത്. അതിനാൽ ചരിത്രദർശനത്തെക്കു റിച്ച പഠനം ഫലത്തിൽ പ്രപഞ്ചദർശനത്തെക്കുറിച്ച പഠനം തന്നെയായി മാറുന്നു. ചരിത്രദർശനം ചർച്ചചെയ്യുമ്പോൾ പ്രവാ ചകമതങ്ങൾ ഒരു ചോദ്യം നേരിടുന്നുണ്ട്: എങ്ങനെയാണ് ഈ ഓരോ മതവും സ്രഷ്ടാവിനെയും സൃഷ്ടികളെയും അഭിമു ഖീകരിക്കുന്നത്? ഇതിനുള്ള ഉത്തരമനുസരിച്ചിരിക്കും ആ മത ത്തിന്റെ ചരിത്രദർശനം. ഏകദൈവത്വം അടിസ്ഥാനമായ മത ങ്ങളുടെ വിശ്വാസസംഹിത പരിശോധിക്കുകയാണെങ്കിൽ സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും ഇടയിൽ തമ്മിൽ ബന്ധി പ്പിക്കുന്ന ഒരു ബിന്ദു ഉണ്ട് എന്നു കാണാൻ കഴിയും.

ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ഈ ബന്ധിപ്പി ക്കുന്ന ബിന്ദു പ്രവാചകനായ മുഹമ്മദ് നബിയോ മറ്റേതെ ങ്കിലും വ്യക്തിയോ അല്ല. അത് ഖുർആനാണ്. അല്ലാഹു ലോകത്ത് സന്മാർഗദർശനമായി ഖുർആൻ അവതരിപ്പിക്കുക യാണുണ്ടായത്. ദൈവത്തിന്റെ മനുഷ്യാവതാരമല്ല മുഹമ്മദ് നബി. അദ്ദേഹം ഒരു പ്രവാചകൻ മാത്രമാണ്. ദിവ്യസന്ദേശം എത്തിച്ചുതരുന്ന പ്രവാചകൻ. ഖുർആനാണ് പ്രമാണവാക്യം (logos). പ്രയോഗത്തിലും അത് വാക്കുകൾ തന്നെയാണ്. ആർക്കും അത് വായിക്കുകയും ഗ്രഹിക്കുകയും ചെയ്യാം.

പ്രവാചകൻ മനുഷ്യൻ മാത്രമാണെന്ന് ഞാൻ സൂചിപ്പി ച്ചു. പക്ഷേ, അദ്ദേഹത്തിൽ ദിവ്യത്വം ആരോപിക്കാനുള്ള ചില ശ്രമങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. പ്രവാചകന്റെ വിയർപ്പും മൂത്രവുമൊക്കെ വിശുദ്ധവും പവിത്രവുമാണ് എന്നൊക്കെയുള്ള വാദഗതികൾ ഇതിന്റെ ഭാഗമാണ്. അതോടൊപ്പം അദ്ദേഹം അന്ത്യപ്രവാചകനുമാണ്. അതിന്റെ അർഥം, ദൈവം നമുക്ക് സന്ദേശം എത്തിക്കുകയും നമ്മെ അവന്റെ കരുണാകടാക്ഷ ങ്ങളാൽ സംരക്ഷിക്കാമെന്ന് ഏൽക്കുകയും ചെയ്യുന്നതോ ടൊപ്പം തന്നെ, അവൻ ചരിത്രത്തിൽ നേരിട്ട് ഇടപെടുകയില്ലെന്ന് ഉറപ്പു തരികയുമാണ്. അതായത് ചരിത്രമെന്നാൽ മനുഷ്യസ്വാ തന്ത്ര്യത്തിന്റെയും ഇഛയുടെയും മണ്ഡലമാണ്. 'വേണ്ടവർ വിശ്വസിക്കട്ടെ, വേണ്ടവർ അവിശ്വസിക്കട്ടെ' എന്നാണല്ലോ ദൈവം പറഞ്ഞിട്ടുള്ളത്. ഏതൊരാൾക്കും ഭൗതികതയുടെ താൽക്കാലികതയെ മറികടന്ന് ഭൗതികനിയമങ്ങൾക്ക് വിധേ യമല്ലാത്ത മാനുഷികമൂല്യങ്ങളെ സ്വീകരിക്കാം. ഭൗതികനിയ മങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴിപ്പെട്ട് മനുഷ്യനെ മനുഷ്യ നാക്കുന്നത് എന്തോ അത് നഷ്ടപ്പെടുത്തുകയും ചെയ്യാം.

തന്റെ നിലവിട്ട് ഉയരാനും നിലവിട്ട് താഴാനും കഴിയുന്ന ഏക ജീവി മനുഷ്യനാണ്. മലക്കുകൾക്കോ ജന്തുജാല ങ്ങൾക്കോ ഈ കഴിവില്ല. മലക്കുകൾക്ക് മലക്കുകളാകാനേ കഴിയൂ; മൃഗങ്ങൾക്ക് മൃഗങ്ങളാകാനും. മനുഷ്യനാണെങ്കിൽ നക്ഷത്രങ്ങളോളം ഉയരാം; പാതാളത്തിലേക്ക് കൂപ്പു കുത്തുക യുമാവാം.

ഖുർആൻ ഒരു ഗ്രന്ഥത്തിൽ ക്രോഡീകരിക്കപ്പെട്ട വിശുദ്ധ സന്ദേശമാണ്. ആർക്കും അത് വായിച്ചു നോക്കാം. ഇതിൽനിന്ന് വേർപെട്ട് സ്വതന്ത്രമായി നിൽക്കുന്നതാണ് ചരിത്രം. മനുഷ്യന് സ്വാതന്ത്ര്യം നൽകപ്പെട്ട മണ്ഡലമാണത്. മനുഷ്യനതിൽ പണി യെടുക്കുകയും അടരാടുകയും ചെയ്യുന്നു.

സ്രഷ്ടാവിനെയും സൃഷ്ടികളെയും വേർതിരിക്കുന്നതിൽ ക്രിസ്തുമതം ഒരു പ്രശ്നം നേരിടുന്നുണ്ട്. ബന്ധിപ്പിക്കുന്ന ബിന്ദു, അല്ലെങ്കിൽ പ്രമാണവാക്യം അവിടെ ദൈവ പുത്രൻ എന്നതാണ്. തന്റെ രക്തംകൊണ്ട് പ്രായശ്ചിത്തം ചെയ്യാനാണ് അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങിവരുന്നത്. ഇത് ദൈവം അവ

താരരൂപം കൊള്ളൽ (Incarnation) ആണ്. ഇവിടെ ഒരു മൗലിക പ്രശ്നമുണ്ട്. ദൈവ പുത്രൻ ഭൂമിയിലേക്ക് ഇറങ്ങുന്നതോടെ ദിവ്യത്വം മനുഷ്യസ്വഭാവം കൈക്കൊള്ളുകയാണ്. അങ്ങനെ മനുഷ്യരൂപംകൊണ്ട ദൈവം ഭൗതികകാലത്തിലേക്ക് കടക്കുകയും മനുഷ്യചരിത്രത്തിലേക്ക് കടന്നുകയറുകയും അവിടെ ഇടപെടുകയും ചെയ്യുന്നു.

വിശുദ്ധ ചരിത്രത്തെയും കാലിക ചരിത്രത്തെയും ഒന്നാക്കി ചിത്രീകരിക്കുന്ന പ്രവണത ചില ഇസ്ലാമിക വൃത്തങ്ങളിൽ കണ്ടു വരുന്നുണ്ട്. അവരെ സംബന്ധിച്ചേടത്തോളം മുസ്ലിംകളുടെ ചരിത്രം മുഴുവൻ ഇസ്ലാമിക ചരിത്രമാണ്. ഈ ചരിത്രവീക്ഷണത്തിൽ ഒരുതരം അവതാരസങ്കൽപം ഉണ്ടെന്നാണ് എന്റെ അഭിപ്രായം. മുസ്ലിംകളുടെ ചരിത്രത്തിൽ ദൈവം ഇറങ്ങിവന്ന് അവതാരരൂപം കൊണ്ടതായി സങ്കൽപിക്കുകയാണ്. അങ്ങനെ ആ ചരിത്രം വിശുദ്ധമാക്കപ്പെടുകയും ചോദ്യം ചെയ്യാനും വിമർശിക്കാനും പഴുതില്ലാതാവുകയും ചെയ്യുന്നു.

## യേശുവും അവതാരവും

കത്തോലിക്കാ സഭ ഈ പ്രശ്നം കൈകാര്യം ചെയ്തത്, ദൈവാവതാരം എന്നത് യേശുവിലേക്ക് മാത്രമായി ചുരുക്കിക്കൊണ്ടാണ്. മറ്റൊരാളിലോ ജനസമൂഹത്തിലോ ദൈവം അവതരിക്കില്ല. യേശു കുരിശിലേറുകയും പിന്നീട് ഉയിർത്തെഴുന്നേറ്റ് പിതാവിലേക്ക് തിരിച്ചുപോവുകയും ചെയ്തതോടെ അവതാരത്തിന് വിരാമമായി. എന്നാൽ കുരിശുസംഭവത്തെ മറ്റൊരു തരത്തിൽ മാറ്റിത്തീർക്കുകയായിരുന്നു ക്രൈസ്തവ സഭ. ക്രൈസ്തവ സഭ തന്നെയാണ് ക്രിസ്തുവിന്റെ ശരീരം എന്നവർ സങ്കൽപിച്ചു. അങ്ങനെയാണ് പോപ്പ് തെറ്റുകൾക്ക് അതീതനായത്. അവതാരവും വിശുദ്ധിയുമൊക്കെ സഭക്ക് സ്വന്തമായി. അങ്ങനെ ഒരു 'വിശുദ്ധ ചരിത്രം' ഉണ്ടാക്കിയെടുത്തു. ഇതിൽ ഭൗതിക കാലത്തെയോ ചരിത്രത്തെയോ ഇടപെടാൻ അനുവദിച്ചില്ല.

സഭ ലോകത്തെ തന്നെ രണ്ടായി വിഭജിച്ചു. പോപ്പ്, കർദിനാൾ, ബിഷപ്പ് എല്ലാം ഉൾപ്പെട്ട മതപക്ഷമാണ് ഒന്ന്. അല്ലാത്തവരൊക്കെയും അവരുടെ പ്രവർത്തന മണ്ഡലങ്ങളും സെക്യുലർ (ഈ സന്ദർഭത്തിലാണ് ഈ വാക്ക് ആദ്യമായി പ്രയോഗിക്കപ്പെടുന്നത്) പക്ഷവും.

താൻ അവതാരമാണെന്ന് മറ്റൊരാളും വാദിക്കാതിരിക്കാനാവാം, സഭ ചേർന്ന് തീരുമാനിച്ചിട്ടേ ഒരാളെ വിശുദ്ധനായി (Canonization) പ്രഖ്യാപിക്കൂ എന്ന് ചട്ടമുണ്ടാക്കിയത്. ഇതുകൊണ്ടുതന്നെയാവാം, ആയിരം കൊല്ലം ഭൂമിയിൽ സമാധാനപരമായും നീതിയോടെയും ഭരണം നടത്താൻ യേശു തിരിച്ചുവരും എന്ന ചില ക്രൈസ്തവ പ്രസ്ഥാനങ്ങളുടെ വാദങ്ങളെ സഭ ചരിത്രത്തിലുടനീളം എതിർത്തുപോന്നത്. ചരിത്രത്തിന്റെ അന്ത്യം കുറിക്കുന്ന അവതാരവാദമാണത്. എന്നാൽ ക്രൈസ്തവ മതനവീകരണ പ്രസ്ഥാനങ്ങൾ പ്രമാണ വാക്യം (logos) സഭയിൽനിന്ന് തട്ടിയെടുക്കുകയും സമൂഹത്തിലെ ഓരോരുത്തനിലും അവതാരമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു (Priesthood of Believers). വിശ്വാസിക്ക് ദൈവവുമായി നേരിൽ ബന്ധപ്പെടാം. ഓരോരുത്തനിലും ദൈവാവതാരമുണ്ടെന്നത് തന്നെ കാരണം. ഇതാണ് ജൂത കാഴ്ചപ്പാട്. അതേക്കുറിച്ച് പിന്നീട് പറയാം.

ഈ സന്ദർഭത്തിലാണ് പ്രൊട്ടസ്റ്റന്റുകൾക്ക് ബൈബിൾ പഴയ നിയമത്തിൽ അമിത താൽപര്യം ജനിക്കുന്നത്. ഈ പ്രവണത പിന്നീട് ക്രൈസ്തവ സയണിസമായി രൂപാന്തരപ്പെട്ടു. മനുഷ്യനിൽ ദൈവാംശമെത്ര, ദൈവത്തിൽ മനുഷ്യാംശമെത്ര എന്ന ആശയക്കുഴപ്പം വർധിച്ച്, ഒടുവിൽ ദൈവം എന്നത് ഒരു വ്യക്തി കേൾക്കുന്ന/ അനുഭവിക്കുന്ന അവന്റെ തന്നെ ആന്തരിക ശബ്ദം എന്ന നില വരെ എത്തി. അതായത് സൃഷ്ടിയെയും സ്രഷ്ടാവിനെയും വേർതിരിക്കുന്ന വിഭജന രേഖ മാഞ്ഞു മാഞ്ഞു പറ്റെ ഇല്ലാതായി. അവതാര സങ്കൽപത്തിന്റെ ഈ പുതിയ വ്യാഖ്യാനം സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അകലം ഇല്ലാതാക്കി എന്നു മാത്രമല്ല, വിശുദ്ധമായതും ഭൗതികകാലവും തമ്മിലുള്ള അകലവും ഇല്ലാതാക്കി. വിശുദ്ധ വേദമായ പഴയനിയമത്തിലും മറ്റും വന്ന ചരിത്രം തന്നെയാണ് കാലാകാലങ്ങളിലെ ചരിത്രവും എന്ന് വ്യാഖ്യാനിക്കപ്പെട്ടു. അതായത് നമ്മുടെ കൺമുമ്പിൽ നടക്കുന്ന സംഭവങ്ങളെല്ലാം തന്നെ നേരത്തെ വിശുദ്ധ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടതോ പ്രവചിക്കപ്പെട്ടതോ ആണ്. ഇതാണ് ക്രൈസ്തവ സയണിസത്തിന്റെ കാഴ്ചപ്പാട്.

ചരിത്രത്തിന്റെ സ്ഥാനം ഈ അവതാരസങ്കൽപം കൈയേറുമ്പോൾ മനുഷ്യന്റെ മനുഷ്യനെന്ന നില ദുർബലപ്പെടുകയാണ് ചെയ്യുക. സ്വയം തെരഞ്ഞെടുക്കുന്നതിലും അങ്ങനെ പ്രതിസന്ധികളെ മറികടക്കുന്നതിലുമാണ് മനുഷ്യന്റെ സ്വാതന്ത്ര്യം കുടികൊള്ളുന്നത്. ചരിത്രം എപ്പോഴും മനുഷ്യന് സ്വതന്ത്രമായി പ്രവർത്തിക്കാനും അങ്ങനെ ജയിക്കാനും തോൽക്കാനുമൊക്കെയുള്ള കളരിയായി നിലനിൽക്കണം. ഈയൊരു കാഴ്ചപ്പാടോടെയാണ് ഇസ്ലാമിക സമൂഹത്തിൽ ചരിത്രദർശനം രൂപപ്പെടുന്നത്. ദൈവത്തിൽനിന്ന് മാർഗനിർദേശം സ്വീകരിച്ച് ചലിക്കുന്ന ഒന്നായി ഇബ്നു ഖൽദൂൻ ചരിത്രത്തെ കാണുന്നു. പക്ഷേ ദൈവം അവിടെ ഇടപെടുന്നില്ല. നേരെ മറിച്ചാണ് ക്രൈസ്തവ കാഴ്ചപ്പാട്. ദൈവേഛയുടെ പ്രകാശനമായാണ് അത് ചരിത്രത്തെ കാണുന്നത് (Providential History). ഗ്രീക്കുകാരാകട്ടെ, ചരിത്രത്തിന്റെ ചാക്രികതയിൽ വിശ്വസിക്കുന്നു.

## ജൂതന്മാരും തെരഞ്ഞെടുക്കപ്പെട്ട ജനതയും

ജൂതന്മാരുടെ കാഴ്ചപ്പാടനുസരിച്ച്, ജൂതസമൂഹം തന്നെയാണ് സൃഷ്ടിയെയും സ്രഷ്ടാവിനെയും ബന്ധിപ്പിക്കുന്ന ബിന്ദു. ദൈവം അവതാരമെടുക്കുന്നത് ജൂതസമൂഹത്തിൽ തന്നെയാണ് എന്നർഥം. സ്ഥലകാലങ്ങൾക്ക് അതീതനായ സമ്പൂർണനായ ദൈവം സ്ഥലകാല പരിമിതികളുള്ള ജൂതസമൂഹത്തിൽ വെളിപ്പെടുന്നു. അതുകൊണ്ടാണ് 'തെരഞ്ഞെടുക്കപ്പെട്ട ജനത' എന്ന വിശേഷണം. ദൈവത്തിന്റെ അടുത്ത് പ്രത്യേക സ്ഥാനമുണ്ട് എന്നു മാത്രമല്ല ഇതുകൊണ്ടുള്ള ഉദ്ദേശ്യം; ജൂതസമൂഹം തന്നെ ദൈവമായി മാറുകയാണ്. അപ്പോൾ അതിന്റെ ചരിത്രവും മനുഷ്യചരിത്രമാവുന്നതിന് പകരം വിശുദ്ധ ചരിത്രമായി മാറുന്നു.

ചിലപ്പോൾ 'വിശുദ്ധ സമൂഹം' എന്നാണ് അത് പരാമർശിക്കപ്പെടുന്നത്. മറ്റു ചിലപ്പോൾ പ്രമാണ വാക്യമായി തന്നെയും അത് അവതരിപ്പിക്കപ്പെടുന്നു. അവതാരവാദം ഉയർത്തിപ്പിടിക്കുന്ന ജൂതഭക്തി പ്രസ്ഥാനമാണ് ഖബ്ബാല. ദൈവം എന്നാൽ പ്രകാശത്തിന്റെ പത്ത് അവതാരങ്ങൾ (സഫീറൂത്തുകൾ) ആണെന്ന് അവർ പറയുന്നു. അതിൽ ദൈവത്തിന്റെ പത്താമത്തെ സഫീറൂത്ത് ആണ് ജൂത

സമൂഹം എന്നത്. ദൈവത്തിന്റെ അംശമോ അവയവമോ ആയി ജൂതസമൂഹം സങ്കൽപിക്കപ്പെട്ടിരിക്കുന്നു. ലോകത്താണ് ആ സമൂഹം കാണപ്പെടുന്നതെങ്കിലും അത് ദൈവത്തിന്റെ അംശമാണ്. ഈ സമൂഹം വഴി മാത്രമേ മറ്റു സമൂഹങ്ങൾക്ക് ദൈവവുമായി ബന്ധപ്പെടാനാവൂ. തെരഞ്ഞെടുക്കപ്പെട്ട സമുദായം എന്ന സങ്കൽപത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള വേർതിരിവ് പൂർണമായി ഇല്ലാതാവുകയാണ്.

ദൈവത്തിന്റെ പൂർണതയിൽ മനുഷ്യൻ എന്ന അംശം അലിഞ്ഞ് ചേരുമ്പോൾ, മനുഷ്യൻ മനുഷ്യനല്ലാതായി ത്തീരുകയാണ് ചെയ്യുക. ജൂതന്മാർക്ക് പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ഒരു ചരിത്രമുണ്ട്. അതാണ് വിശുദ്ധ ചരിത്രം. ജൂതസമൂഹത്തിന്റെ വിവിധ കാലങ്ങളിലുള്ള ചരിത്രത്തെ ഈ വിശുദ്ധ ചരിത്രത്തിൽ ലയിപ്പിച്ച് ഒന്നാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ജൂതസമൂഹത്തിന്റെ തന്നെ ചരിത്രം വിശുദ്ധ ചരിത്രമാണെന്ന് വന്നു.

കാലിക ചരിത്രവും വിശുദ്ധ ചരിത്രവും തമ്മിലുള്ള വേർതിരിവില്ലായ്മ ജൂത സമൂഹത്തിന്റെ ചിന്തകളെയും ജ്ഞാനരൂപങ്ങളെയുമെല്ലാം ആഴത്തിൽ സ്വാധീനിക്കുന്നു. അത് വലിയൊരു ധാർമിക ദുരന്തത്തിലാണ് കലാശിച്ചത്. ആ അധാർമികതയുടെ പാരമ്യമാണ് നാം സയണിസത്തിൽ കാണുന്നത്.

ഈ കാഴ്ചപ്പാട് പാശ്ചാത്യ ചരിത്ര പഠനങ്ങളെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. വിശുദ്ധ ഗ്രന്ഥ(തോറ)ത്തിൽ വന്ന പരാമർശങ്ങൾക്ക് കാലിക ചരിത്രത്തിലെ പുരാവസ്തു പഠനങ്ങളിൽ തെളിവ് പരതുകയാണ് മിക്ക ചരിത്രകാരന്മാരും ചെയ്യുന്നത്. ഏറ്റവും പുതിയ ഇസ്രയേലി പുരാവസ്തു ഗവേഷണങ്ങളിൽ ഈ കെട്ടുകഥകളിൽനിന്ന് വിടുതൽ നേടാനുള്ള ശ്രമങ്ങളും നടക്കുന്നു എന്നത് കാണാതിരുന്നുകൂടാ.

പ്രവാചകന്മാരുടെ ചരിത്രത്തെക്കുറിച്ച ഖുർആന്റെയും തോറയുടെയും നിലപാടുകളിൽ ഈ വ്യത്യാസം തെളിഞ്ഞു കാണാം. ഖുർആനിലെ ചരിത്രകഥകളൊന്നും വിശദ വിവരങ്ങളോടെയല്ല വന്നിട്ടുള്ളത് (യൂസുഫ് നബിയുടേത് ഒഴിച്ച്). ചരിത്രസംഭവങ്ങളിലെ ധാർമിക പാഠങ്ങൾ എടുത്തു കാണിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. പ്രവാചകന്മാരെക്കുറിച്ച് കാലാനുക്രമമായ ഒരു ചരിത്ര വിവരണമല്ല ഖുർആന്റെ ലക്ഷ്യം. അവർ സ്വീകരിച്ചിരുന്ന ധാർമിക നിലപാടുകൾ എടുത്തു കാണിക്കുക മാത്രമാണ്.

ഇങ്ങനെയല്ല തോറയിൽ. രാജാക്കന്മാരുടെ സമ്പൂർണ ചരിത്രം നിങ്ങൾക്കവിടെ കാണാം; കാലിക ചരിത്രവും വിശുദ്ധ ചരിത്രവും ഒന്നാകുന്നതും. ഇസ്‌ലാമിൽ ഖുർആനിനും ക്രിസ്തുമതത്തിൽ ദൈവപുത്രനും ഉള്ള സ്ഥാനമാണ് ജൂതസമൂഹത്തിന് നൽകിയിരിക്കുന്നത്.

സൂക്ഷ്മദൃക്കായ ഒരു ചരിത്ര പണ്ഡിതൻ കാലിക ചരിത്രത്തെയും വിശുദ്ധ ചരിത്രത്തെയും വെവ്വേറെ തന്നെയാണ് പഠിക്കേണ്ടത്. രണ്ട് ചരിത്രവും ഒരേ സ്വഭാവത്തിലുള്ളതാണെങ്കിൽ തീർച്ചയായും അത് പ്രശംസിക്കപ്പെടേണ്ടതുതന്നെ. പക്ഷേ, തുടക്കം കാലിക ചരിത്രത്തിൽനിന്നാവണം, വിശുദ്ധ ചരിത്രത്തിൽനിന്നാവരുത്. വിശുദ്ധ ചരിത്രത്തെയും കാലിക ചരിത്രത്തെയും ഒന്നാക്കി ചിത്രീകരിക്കുന്ന പ്രവണത ചില ഇസ്‌ലാമിക വൃത്തങ്ങളിൽ കണ്ടു വരുന്നുണ്ട്. അവരെ സംബന്ധിച്ചേടത്തോളം മുസ്‌ലിംകളുടെ ചരിത്രം മുഴുവൻ ഇസ്‌ലാമിക ചരിത്രമാണ്. ഈ ചരിത്ര വീക്ഷണത്തിൽ ഒരുതരം അവതാരസങ്കൽപം ഉണ്ടെന്നാണ് എന്റെ അഭിപ്രായം. മുസ്‌ലിംകളുടെ ചരിത്രത്തിൽ ദൈവം ഇറങ്ങിവന്ന് അവതാരരൂപം കൊണ്ടതായി സങ്കൽപിക്കുകയാണ്. അങ്ങനെ ആ ചരിത്രം വിശുദ്ധമാക്കപ്പെടുകയും ചോദ്യം ചെയ്യാനും വിമർശിക്കാനും പഴുതില്ലാതാവുകയും ചെയ്യുന്നു. ഇത് ചരിത്രത്തെക്കുറിച്ച ചരിത്രപരമല്ലാത്ത ഒരു കാഴ്ചപ്പാടാണ്. വിശുദ്ധ ചരിത്രവും യഥാർഥ ചരിത്രവും ഒന്നാവുകയും അവയെ വേർതിരിക്കുന്ന അതിർത്തി രേഖകൾ മാഞ്ഞുപോവുകയുമാണ് ഇവിടെ. അങ്ങനെയാവുമ്പോൾ ചരിത്രത്തിന്റെ ഏതു ഘട്ടവും വിശദാംശങ്ങളിൽ പോലും ഒന്നുതന്നെയായിരിക്കും. മുസ്‌ലിംകൾക്ക് എപ്പോഴും ദൈവത്തിന്റെ പ്രത്യേക പരിഗണനയുണ്ട് എന്നാണ് വാദിക്കപ്പെടുന്നത്. ചരിത്രത്തെക്കുറിച്ചുള്ള ജൂതന്മാരുടെ അവതാരവാദത്തിൽനിന്ന് ഏറെയൊന്നും വ്യത്യസ്തമല്ല ഇതും. സയണിസത്തിനും ജൂതവംശീയവാദത്തിനും നിമിത്തമായത് ചരിത്രത്തെക്കുറിച്ച ഈ വികല സങ്കൽപമാണെന്ന് നാം ഓർക്കണം.

## ഇസ്‌ലാമും ചരിത്രവും

മുസ്‌ലിംകളുടെ ചരിത്രം ഇസ്‌ലാമിന്റെ ചരിത്രമാകണമെന്ന് നിർബന്ധമില്ല. രണ്ടും രണ്ടായിത്തന്നെ മനസ്സിലാക്കണം. ഖുർആനിൽ വന്ന ചരിത്രം പരിശോധിക്കുക. നമ്മുടെ കാലിക ചരിത്രത്തെ വിലയിരുത്താനും നിരൂപണം ചെയ്യാനുമുള്ള മൂല്യങ്ങളുടെ ഒരു സമാഹാരമാണ് ഖുർആൻ നമുക്ക് നൽകുന്നത്. സംഘട്ടനങ്ങളുടെയും വിജയപരാജയങ്ങളുടെയും അരാജകത്വത്തിന്റെയുമൊക്കെ കേളീരംഗമായിരിക്കുമല്ലോ ഏതൊരു കാലഘട്ടത്തിന്റെയും യഥാർഥ ചരിത്രം.

മനുഷ്യരുടേത് കാലിക ചരിത്രമാണ്. ഒരു മുസ്‌ലിമെന്ന നിലക്ക് ഞാൻ വിശ്വസിക്കുന്നത്, ചരിത്രം മനുഷ്യസ്വാതന്ത്ര്യത്തിന്റെ വിശാലമായ ഇടമാണെന്നാണ്. പ്രവാചകത്വ പരിസമാപ്തി എന്ന ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വം, ദൈവം മനുഷ്യനെ ചരിത്രത്തിൽ സ്വതന്ത്രമായി വിഹരിക്കാൻ അനുവദിച്ചതിന്റെ സാക്ഷ്യപത്രമായാണ് ഞാൻ കാണുന്നത്. ഇനിയൊരു പ്രവാചകൻ വരാനില്ല. രക്ഷയുടെയോ നാശത്തിന്റെയോ ഏതു മാർഗം തെരഞ്ഞെടുക്കാനും ഓരോ മനുഷ്യനും സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. മനുഷ്യപ്രകൃതിയെക്കുറിച്ച ഇസ്‌ലാമിക സങ്കൽപം ഈ ചരിത്ര ദർശനത്തിൽനിന്ന് രൂപപ്പെടുന്നതാണ്.

ആദിപാപത്തിൽ വിശ്വസിക്കുന്നു ക്രിസ്തുമതം. ആദമിന്റെയും ഹവ്വയുടെയും പാപമാണത്. മനുഷ്യസമൂഹം മുഴുവൻ ഈ ആദിപാപത്തിന്റെ കെടുതികൾ അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ്. മനുഷ്യാസ്തിത്വത്തിലും ഘടനയിലും ആദിപാപം ഉൾച്ചേർന്ന് നിൽക്കുന്നു. അതിനാൽ മനുഷ്യന് അവന്റെ പ്രവൃത്തികൾ കൊണ്ട് ഇതിൽനിന്ന് രക്ഷപ്പെടാനാവില്ല. ദൈവം മനുഷ്യന്റെ കാലികചരിത്രത്തിൽ നേരിട്ട് ഇടപെടേണ്ടിവരുന്നത് അതുകൊണ്ടാണ്. ഇതുകൊണ്ടാകാം അവതാര സങ്കൽപം അനിവാര്യമായി വരുന്നത്. അതായത് ദൈവം ഭൂമിയിൽ മനുഷ്യരൂപത്തിൽ അവതരിക്കുക. ക്രൈസ്തവ വീക്ഷണമനുസരിച്ച്, തന്റെ രക്തംകൊണ്ട് മനുഷ്യസമൂഹത്തിന്റെ പാപങ്ങൾ കഴുകിക്കളയുന്നതിനുവേണ്ടി ദൈവപുത്രനായ യേശു കുരിശിൽ തറക്കപ്പെടേണ്ടതും അനിവാര്യമായിരുന്നു. നാം ആദമിൽ മരിക്കുകയും ക്രിസ്തുവിൽ ജനിക്കുകയും ചെയ്യുന്നുവെന്ന ക്രൈസ്തവ തത്ത്വചിന്ത ഇതിൽനിന്നുണ്ടായതാണ്.

ക്രിസ്തുവിന്റെ അവസാനത്തെ അത്താഴത്തെ ഓർമിപ്പിക്കുന്ന തിരുവ

ത്താഴ ചടങ്ങും ഒരു അനിവാര്യത തന്നെ. ക്രൈസ്തവ വിശ്വാസി കഴിക്കുന്ന റൊട്ടിയും വീഞ്ഞും ക്രൈസ്തവ വിശ്വാസപ്രകാരം, യേശുവിന്റെ മാംസവും രക്തവുമായി മാറുകയാണ്. അങ്ങനെ ദൈവത്തിന്റെ രക്തം മനുഷ്യശരീരത്തിലൂടെ ഒഴുകി അവന്റെ പാപങ്ങളെ കഴുകിക്കളയുന്നു. അപ്പോൾ യേശുവിന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്ന ചർച്ച് എന്ന സ്ഥാപനം ഉണ്ടാവേണ്ടതും മനുഷ്യ വിമുക്തിക്ക് അനിവാര്യമായി മാറുന്നു. ചർച്ചിന് പുറത്ത് മുക്തിയും മോക്ഷവും സാധ്യമാവാതെ വരുന്നത് അതുകൊണ്ടാണ്.

പാപം മനുഷ്യപ്രകൃതിയിൽ ഒട്ടിച്ചേർന്നതാണെന്നും താൻ ജീവിക്കുന്നകാലത്ത് മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കൊന്നും അവനെ പാപമുക്തനാക്കാനാവില്ലെന്നുമാണ് വാദമെങ്കിൽ, ലോകം കണ്ണുനീർ താഴ്‌വരയല്ലാതെ മറ്റെന്താവാനാണ്! ഇത് ചരിത്രത്തെ റദ്ദ് ചെയ്യുന്നതിന് തുല്യമാണ്.

പാപത്തെക്കുറിച്ച ഇസ്‌ലാമിക സങ്കൽപം തീർത്തും വ്യത്യസ്തമാണ്. സമ്പൂർണ വീഴ്ചയോ ആദിപാപമോ ഇല്ല. ഉള്ളത് മനുഷ്യന്റെ മറവിയും അശ്രദ്ധയുമാണ്. നന്മ മനുഷ്യപ്രകൃതിയിൽതന്നെ നിലീനമാണെങ്കിലും അവനെ മറവി ബാധിക്കുന്നു. 'അവർ അല്ലാഹുവിനെ മറന്നു, അങ്ങനെ സ്വന്തത്തെ തന്നെ മറന്നു.'

അതുകൊണ്ടാണ് ഖുർആൻ ഓർമപ്പെടുത്തൽ (ദിക്ർ) ആയത്. അല്ലാഹുവിനെക്കുറിച്ച് മനുഷ്യനെ ഓർമപ്പെടുത്തുകയാണ് ഖുർആന്റെ ദൗത്യം. ഏതു വഴിയും തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ള വിശാലമായ ഒരു ചരിത്രഭൂമികയിലാണ് മനുഷ്യന്റെ നിൽപ്. അവിടെ മനുഷ്യന് തെറ്റു പറ്റാനുള്ള സാധ്യതയുണ്ട്. പിന്നീട് പശ്ചാത്തപിക്കാനും സൽക്കർമങ്ങൾ ചെയ്യാനുള്ള അവസരവുമുണ്ട്. ആ പശ്ചാത്താപം ദൈവം സ്വീകരിക്കും. പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാണ് ദൈവം.

ലോകവും കാലവുമായി ബന്ധപ്പെട്ട ചരിത്രം തെറ്റുപറ്റാനും പശ്ചാത്തപിക്കാനുമുള്ള ഇടമാണ്. ഓരോ മനുഷ്യനും ചെയ്യുന്ന പ്രവൃത്തിയാണ് പരിഗണനീയം. പാപം എന്നത് മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്ന ഒന്നല്ല. അതിനാൽ മനുഷ്യന് ആവശ്യം, ഭൂമിയിലേക്ക് ഇറങ്ങിവന്ന് കുരിശിലേറി തന്റെ രക്തം കൊണ്ട് മനുഷ്യന്റെ പാപങ്ങൾ കഴുകിക്കളയുന്ന ദൈവപുത്രനെയല്ല. മറിച്ച്, ദൈവത്തിന്റെ സന്ദേശം മനുഷ്യന് എത്തിച്ചുതരുന്ന പ്രവാചകനെയാണ്. പിന്നീടുള്ള ചരിത്രത്തിൽ മനുഷ്യന് ആ സന്ദേശം സ്വീകരിക്കാനും തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യം ഉണ്ടാവണം. മധ്യസ്ഥരോ പുരോഹിതരോ മനുഷ്യന് ആവശ്യമില്ല. ചരിത്രം മനുഷ്യ സ്വാതന്ത്ര്യത്തിന്റെ ഇടമായതുകൊണ്ട്. ■

(പ്രമുഖ ഈജിപ്ഷ്യൻ ചിന്തകനും കിഫായ എന്ന ഈജിപ്ഷ്യൻ പ്രതിപക്ഷ കൂട്ടായ്മയുടെ നേതാവുമായിരുന്നു ലേഖകൻ. 2008 ജൂലൈ 3-ന് അന്തരിച്ചു)